നമ്പർ 398/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
നമ്മുടെ സഭയിലെ അത്മായക്കാരായ സ്ത്രീപുരുഷന്മാരുടെ ദൈവശാസ്ത്ര അവബോധത്തിനും ആത്മീയ പരിപോഷണത്തിനുമായി നമ്മുടെ കോട്ടയം വൈദിക സെമിനാരിയുടെ ചുമതലയിൽ ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുള്ള ദിവ്യബോധന പദ്ധതി ദൈവകൃപയാൽ സ്തുത്യർഹമായ രീതിയിൽ ഫലപ്രാപ്തിയിൽ എത്തുന്നു എന്നതിൽ നാം അതിയായി സന്തോഷിക്കുകയും അതിന്റെ പ്രവർത്തകരെ അനുമോദിക്കുകയും ചെയ്യുന്നു.

എന്നാൽ ഇന്നും പല മെത്രാസനങ്ങളിലും ഈ പദ്ധതി വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. മെത്രാസന തലത്തിൽ ബ. വൈദികർ ദിവ്യബോധന പാഠ്യപദ്ധതിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഓരോ ഇടവകയിലും ഇതിന്റെ യൂണിറ്റുകൾ ആരംഭിക്കുവാൻ ശ്രദ്ധിക്കുകയും വേണം. 'പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം തെറ്റിപ്പോകുന്നു' എന്ന പ്രവചന വാക്യം തികച്ചും സത്യം തന്നെ. ഇതര സഭകളിലേക്ക് നമ്മുടെ ആളുകൾ വഴുതിപ്പോകുന്നതിനുള്ള കാരണം അവർക്ക് ആവശ്യമായ ബോധവത്കരണം നാം നൽകാത്തതാണ്. ആകയാൽ ഇതുവരെ യൂണിറ്റ് ആരംഭിച്ചിട്ടില്ലാത്ത ഓരോ ഇടവകയിലും വരുന്ന അദ്ധ്യയനവർഷം മുതൽ ഈ പദ്ധതി നടപ്പാക്കണം. സൺഡേസ്കൂൾ അദ്ധ്യാപകർ, ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകർ തുടങ്ങിയവർ നിശ്ചയമായും ഈ കോഴ്സുകൾ പൂർത്തിയാക്കുവാൻ ഉത്സാഹിക്കുകയും ചെയ്യണം.

ദിവ്യബോധനം പഠനപദ്ധതിയുടെ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പരുമല സെമിനാരിയിൽ വച്ച് 2009 ഒക്ടോബർ മാസം 24 -ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണിവരെ ജൂബിലി സംഗമം എന്ന നിലയിൽ ദിവ്യബോധനം പഠിതാക്കളുടെ ഒരു കൂട്ടായ്മ നടത്തുന്നു. ഏകദേശം മൂവായിരത്തോളം വിശ്വാസികൾ പങ്കെടുക്കുന്ന ഈ സമ്മേളനത്തിൽ ആ ഇടവകയിൽ നിന്ന് ദിവ്യബോധനം പഠനം പൂർത്തിയാക്കിയവരും പഠിച്ചുകൊണ്ടിരിക്കുന്നവരും ഇതിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഏവരും വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 സെപ്റ്റംബർ മാസം 15 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്ന്.